II ഇ.ബി. XIV-കേരള നിയമസഭ /II-10

# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2016 ഒക്ടോബർ 20, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

29 (*391) ഭവനനിർമ്മാണ നയം

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ) നൽകിയ മറുപടിയിൽ, 2011-ലെ കേരള സംസ്ഥാന പാർപ്പിട നയമാണ് നിലവിലുള്ളതെന്നും ഇത് പുനരവലോകനത്തിന് വിധേയമാക്കുന്ന ഘട്ടത്തിൽ പുതിയ ഭവന നിർമ്മാണ നയം രൂപീകരിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണെന്നും സഭയെ അറിയിച്ചു. ഭൂരഹിതർക്കും ദുർബല ജനവിഭാഗങ്ങൾക്കും ഭവനം നിർമ്മിക്കുന്നതിന് ആവശ്യമായ ഭൂമി നൽകാൻ കേന്ദ്ര/സംസ്ഥാന/പൊതു/സ്വകാര്യ മേഖലയുടെ വകയായിട്ടുള്ളതും വേണ്ടവിധം ഉപയോഗിക്കപ്പെടാതെ അവശേഷിക്കുന്നതുമായ ഭൂമി

ഉപയോഗപ്പെടുത്താനുള്ള നടപടികൾ പരിഗണനയിലുണ്ടെന്നും അഞ്ചുവർഷത്തിനുള്ളിൽ ഭവനരഹിതർക്ക് സുരക്ഷിതവും മാന്യവുമായ വീടുകൾ ലഭ്യമാക്കാനാണ് ലക്ഷ്യമിടുന്നതെന്നും ഗൃഹനിർമ്മാണ മേഖല നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് പരിസ്ഥിതി സൗഹൃദവും ചെലവു കുറഞ്ഞതുമായ പ്രീഫാബ് സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള വീട് നിർമ്മാണത്തിനുള്ള പദ്ധതികൾ ആവിഷ്കരിക്കാനാണ് ആലോചിക്കുന്നതെന്നും മന്ത്രി വ്യക്തമാക്കി. എം.എൻ. ലക്ഷംവീട് പദ്ധതിയിലെ വീടുകൾ പുനർനിർമ്മിക്കുന്ന പദ്ധതി നിർമ്മിതിയുടെ നേതൃത്വത്തിൽ തുടരുകയാണെന്നും സാഫല്യം, ഗൃഹശ്രീ, ഇന്നൊവേറ്റീവ് ഭവനം, സർക്കാർ ഭൂമിയിൽ സർക്കാർ ജീവനക്കാർക്കുള്ള ഭവനം, പാരസ്പര്യം മാതൃകയിലുള്ള ഫ്ലാറ്റ് നിർമ്മാണം എന്നീ പദ്ധതികൾ ഹൗസിംഗ് ബോർഡ് വഴി നടപ്പാക്കുന്നുണ്ടെന്നും ചെലവു കുറഞ്ഞ പരിസ്ഥിതി സൗഹൃദ ഭവന നിർമ്മാണം ലാറി ബെക്കർ ഇന്റർനാഷണൽ സ്കൂൾ ഫോർ ഹാബിറ്റാറ്റ് സ്റ്റഡീസ് എന്ന സ്ഥാപനത്തിന്റെ ആഭിമുഖ്യത്തിൽ നടപ്പാക്കാനുള്ള ശ്രമങ്ങളാണ് നടത്തുന്നതെന്നും മന്ത്രി അറിയിച്ചു. ലഭ്യമായ കണക്കനുസരിച്ച് ഏകദേശം 4,70,606 ആളുകളാണ് ഭവനരഹിതരായിട്ടുള്ളതെന്നും സമ്പൂർണ്ണ ഭവനനിർമ്മാണ പദ്ധതിയിലൂടെ ചുരുങ്ങിയത് 600 സ്ക്വയർ ഫീറ്റുള്ള വീടുകളും ഭൂമി ലഭ്യമല്ലാത്ത സാഹചര്യങ്ങളിൽ ഫ്ലാറ്റ് നിർമ്മാണവുമാണ് ആലോചിക്കുന്നതെന്നും കിഫ്ബി വഴി പദ്ധതികൾ

നടപ്പാക്കുമ്പോൾ നിലവിലുള്ള പദ്ധതികളൊന്നും നിർത്തലാക്കില്ലെന്നും ലാൻഡ് ട്രിബ്യൂണലുകളിൽ കെട്ടിക്കിടക്കുന്ന കേസുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനുവേണ്ട നിർദ്ദേശം കൊടുത്തിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

30 (*392) <u>പൊതുമരാമത്ത് വകുപ്പിനുകീഴിലുള്ള അറ്റകുറ്റപ്പണികൾ</u>

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) നൽകിയ മറുപടിയിൽ, റോഡുകളും പാലങ്ങളും കെട്ടിടങ്ങളും മെയിന്റനൻസ് ചെയ്യുന്നതു സംബന്ധിച്ച് നയം രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നും ഇതുസംബന്ധിച്ച് ഭരണ വിഭാഗം ചീഫ് എഞ്ചിനീയർ സമർപ്പിച്ച പ്രൊപ്പോസൽ പരിശോധിച്ചുവരികയാണെന്നും സഭയെ അറിയിച്ചു. മരാമത്ത് മാന്വലിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾക്ക് Typical Maintenance Estimate കർശനമായി പാസ്സാക്കുകയും അതനുസരിച്ച് പ്രവൃത്തികൾ നടത്തുവാൻ ഫീൽഡ് എഞ്ചിനീയർമാർക്ക് നിർദ്ദേശം കൊടുക്കുകയും ചെയ്തിട്ടുണ്ട്. നിരത്തു വിഭാഗത്തിൻ കീഴിൽ മെയിന്റനൻസ് പ്രവൃത്തികൾ മാന്വലിൽ നിഷ്കർഷിച്ചിരിക്കുന്ന പ്രകാരമാണോ നടപ്പിലാക്കുന്നതെന്ന് മേലുദ്യോഗസ്ഥർ പരിശോധിച്ച് വിലയിരുത്തുന്നുണ്ടെന്നും റീജിയണൽ/ജില്ലാതല ലാബുകൾ വഴി പ്രവൃത്തികളുടെ ഗുണനിലവാര പരിശോധന നടത്തിയതിനുശേഷമേ പേമെന്റ്

നൽകുകയുള്ളൂവെന്നും മന്ത്രി വ്യക്തമാക്കി. കേന്ദ്ര മാനദണ്ഡങ്ങൾ പ്രകാരം മൂന്ന് വർഷത്തിലൊരിക്കൽ ബിറ്റുമിനസ് കോൺക്രീറ്റ് ഉപയോഗിച്ചോ ഇംപ്രൂവ്മെന്റ് റൈഡിംഗ് ക്വാളിറ്റി പ്രോഗ്രാമിൽ ഉൾപ്പെടുത്തി അഞ്ചുവർഷത്തിലൊരിക്കൽ ബിറ്റുമിനസ് മക്കാടം, ബിറ്റുമിനസ് കോൺക്രീറ്റ് ഉപയോഗിച്ചോ ദേശീയപാതയുടെ റീസർഫസിംഗ് നടത്താനാണ് അംഗീകാരം നൽകുന്നത്. പ്രസ്തുത പ്രവൃത്തികളുടെ ഗുണനിലവാരം ദേശീയപാത വിഭാഗത്തിലെ എഞ്ചിനീയർക്ക് പുറമേ കേന്ദ്രമന്ത്രാലയത്തിലെ എഞ്ചിനീയർമാരും പരിശോധന നടത്തി ഉറപ്പുവരുത്താറുണ്ടെന്നും പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള നിരത്തുകളുടെയും പാലങ്ങളുടെയും വിഭാഗത്തിൽ വരുന്ന അറ്റകുറ്റപ്പണികൾക്കായി ഈ സാമ്പത്തിക വർഷം 387.90 കോടി രൂപയും ദേശീയപാതകളുടെ വിഭാഗത്തിൽ 525 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ടെന്നും അടിയന്തര അറ്റകുറ്റപ്പണികൾക്കായി 5,000 കോടി രൂപ അനുവദിക്കുന്നതിനായി ധനകാര്യ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു. റോഡും കെട്ടിടവും തുല്യ പ്രാധാന്യമുള്ളതാണെന്നും ഗ്രീൻ കൺസെപ്റ്റ് കെട്ടിട നിർമ്മാണത്തിൽ കൊണ്ടുവരാനുദ്ദേശിക്കുന്നുണ്ടെന്നും അപാകതകൾ ഉണ്ടാകാതിരിക്കാൻ സോഷ്യൽ ഓഡിറ്റ് ഉണ്ടാകണമെന്നും ഇലക്ട്രിക്കൽ/സിവിൽ വർക്കുകൾ ഒരേ സമയത്ത് ചെയ്യാനുള്ള നിർദ്ദേശം കൊടുക്കുമെന്നും മന്ത്രി വ്യക്തമാക്കി. വാട്ടർ അതോറിറ്റിയും

പൊതുമരാമത്ത് വകുപ്പും തമ്മിലുള്ള ഏകോപനമില്ലായ്മ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് രണ്ട് വകുപ്പുകളിലെ ഉദ്യോഗസ്ഥർക്കും കൃത്യമായ നിർദ്ദേശം നൽകുന്നുണ്ടെന്നും ജോലിയിൽ വീഴ്ച വരുത്തുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുമെന്നും ഇന്റർ ഡിസ്ട്രിക്ട് റോഡുകളുടെ പ്രശ്നം പ്രത്യേകം പരിഗണിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

31(*393) <u>മത്സ്യത്തൊഴിലാളികൾക്കുള്ള ക്ഷേമ പദ്ധതികൾ</u>

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ) നൽകിയ മറുപടിയിൽ, സംസ്ഥാനത്തെ മത്സ്യമേഖലയുടെ വികസനത്തിനും മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ ക്ഷേമത്തിനുമായി സമ്പാദ്യ സമാശ്വാസ പദ്ധതി; ഭവന നിർമ്മാണ പദ്ധതി; ലംപ്സം ഗ്രാന്റ്/മത്സ്യത്തൊഴിലാളികളുടെ മക്കൾക്കുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ; കടാശ്വാസ പദ്ധതി; മത്സ്യത്തൊഴിലാളികളുടെ മക്കളുടെ ഉന്നമനത്തിനായുള്ള വിവിധ ക്ഷേമപദ്ധതികൾ; സൗജന്യ റേഷൻ എന്നിവ വകുപ്പ് നേരിട്ട് നടപ്പിലാക്കുന്നതിനുപുറമേ വിവിധ ഏജൻസികൾ മുഖേനയും ക്ഷേമപദ്ധതികൾ നടപ്പാക്കി വരുന്നതായി സഭയെ അറിയിച്ചു. സമ്പാദ്യ സമാശ്വാസം, ഗ്രൂപ്പ് ആക്സിഡന്റ് ഇൻഷ്വറൻസ്, ഭവനനിർമ്മാണം, നാടൻ വള്ളങ്ങളുടെ ആധുനികവത്കരണം എന്നീ പദ്ധതികളുടെ കേന്ദ്ര വിഹിതത്തിനായി

പ്രൊപ്പോസലുകൾ സമർപ്പിച്ചിട്ടുണ്ട്. കൂടാതെ നീലവിപ്ലവം പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം ലഭിക്കുന്നതിനായി NFDB ശിപാർശയോടുകൂടി മത്സ്യസമ്പത്തിന്റെ വർദ്ധനവ് ലക്ഷ്യമാക്കി വിവിധ പദ്ധതികൾ കേന്ദ്രസർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ട്. മത്സ്യകൃഷി വികസന പദ്ധതികളുടെ യൂണിറ്റ് കോസ്റ്റ് വർദ്ധിപ്പിച്ചതിനനുസൃതമായി കൂടുതൽ യൂണിറ്റുകൾ കേന്ദ്രം അനുവദിക്കാത്തതും മൊത്തം കേന്ദ്രസഹായം വർദ്ധിപ്പിക്കാത്തതുംമൂലം നീല വിപ്ലവം പദ്ധതികൾക്കായി സംസ്ഥാനത്തിന് നീക്കിവച്ച തുക അപര്യാപ്തമാണെന്ന് ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. സമ്പാദ്യ സമാശ്വാസ പദ്ധതിയുടെ ആനുകൂല്യം വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്നും മത്സ്യത്തൊഴിലാളിയുടെ ഡെഫനിഷനിൽ അനുബന്ധതൊഴിലാളി വരാത്തതിനാൽ ആനുകൂല്യങ്ങൾ ഒരുപോലെയാക്കാൻ സാധിക്കുകയില്ലെന്നും മന്ത്രി വ്യക്തമാക്കി. എല്ലാ ജില്ലകളിലേയും ലംപ്സം ഗ്രാന്റ് കുടിശ്ശിക കൊടുത്തുതീർക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും മണ്ണെണ്ണ അലോട്ട്മെന്റുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രിയുമായി ചർച്ച ചെയ്ത് ആവശ്യമായ നടപടി സ്വീകരിക്കുമെന്നും കടലാക്രമണത്തിൽ ദുരിതമനുഭവിക്കുന്നവർക്ക് ആശ്വാസം കൊടുക്കുന്ന ഘടകംകൂടി കടാശ്വാസത്തിൽ വരുത്താൻ ഉദ്ദേശിക്കുന്നുണ്ടെന്നും കടാശ്വാസ പരിധി 2008 ഡിസംബർ 31 വരെ നീട്ടിക്കൊടുക്കാനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും

മന്ത്രി അറിയിച്ചു. കടലാക്രമണത്തിൽ ദുരിതമനുഭവിക്കുന്ന മത്സ്യത്തൊഴിലാളികളുടെ സുരക്ഷ ഉറപ്പാക്കാനും അവർക്ക് ഭവനം നിർമ്മിക്കാനും ഉദ്ദേശിച്ചാണ് കോസ്റ്റൽ കണക്റ്റിവിറ്റി ഗ്രീൻ കോറിഡോർ പദ്ധതി ആവിഷ്കരിക്കുന്നതെന്നും മത്സ്യഗ്രാമം പദ്ധതിയിൽ നിലവിലുള്ളവ പൂർത്തീകരിക്കുമെന്നും നബാർഡിന്റെ സഹായത്തോടുകൂടി കൊല്ലത്ത് തങ്കശ്ശേരി, കായംകുളത്തെ തെക്കേ പുലിമുട്ടിന്റെയും തോട്ടപ്പള്ളി മത്സ്യബന്ധന തുറമുഖത്തിന്റെ പുനരുദ്ധാരണം, എറണാകുളം ജില്ലയിലെ ചെല്ലാനം, അഴിത്തല ഫിഷ് ലാന്റിംഗ് സെന്റർ, പുതിയ തോട്ടപ്പള്ളി തുടങ്ങിയ പദ്ധതികളുടെ രണ്ടും മൂന്നും ഘട്ടങ്ങൾക്ക് കേന്ദ്ര ഗവൺമെന്റിന് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി സഭയെ അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 3531 മുതൽ 3844 വരെയുള്ള ചോദ്യങ്ങളിൽ 80 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി)